**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 820** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻ തുക അടക്കാത്ത സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് വേണ്ടി അതതു സർവ്വീസ് സഹകരണ സംഘങ്ങൾ സഹകരണ പെൻഷൻ ബോർഡിൽ തുക അടക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് വേണ്ടി അതതു സർവ്വീസ് സഹകരണ സംഘങ്ങൾ സഹകരണ പെൻഷൻ ബോർഡിൽ തുക അടക്കാറുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംഘങ്ങൾ പെൻഷൻ ബോർഡിൽ വിഹിതം അടക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. |
| (ബി) | സഹകരണ പെൻഷൻ ബോർഡിൽ ജീവനക്കാരുടെ പെൻഷൻ തുക അടക്കാത്ത എത്ര സംഘങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ആലപ്പുഴ ജില്ലയിൽ ഇങ്ങനെ തുക അടക്കാത്ത എത്ര സംഘങ്ങൾ ഉണ്ടെന്നും ഏതെല്ലാം സംഘങ്ങൾ ആണെന്നും എത്ര ജീവനക്കാർ ഉണ്ടെന്നും താലൂക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | സഹകരണ പെൻഷൻ ബോർഡിൽ ജീവനക്കാരുടെ പെൻഷൻ തുക അടക്കാത്ത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 33 |
| കൊല്ലം | 34 |
| പത്തനംതിട്ട | 13 |
| ആലപ്പുഴ | 35 |
| കോട്ടയം | 23 |
| ഇടുക്കി | 29 |
| എറണാകുളം | 8 |
| തൃശ്ശൂർ | 42 |
| പാലക്കാട് | 21 |
| മലപ്പുറം | 45 |
| കോഴിക്കോട് | -- |
| വയനാട് | 72 |
| കണ്ണൂർ | -- |
| കാസർഗോഡ് | 5 |

| | | | |
|---|---|---|---|
| | | | ആലപ്പുഴ ജില്ലയിൽ സഹകരണ പെൻഷൻ ബോർഡിൽ ജീവനക്കാരുടെ പെൻഷൻ തുക അടക്കാത്ത സംഘങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സഹകരണ പെൻഷൻ ബോർഡിൽ തുക അടക്കാൻ വിമുഖത കാട്ടുന്ന സംഘങ്ങളെ കണ്ടെത്തി തുക അടപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സംഘം സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗങ്ങളിലും അസിസ്റ്റന്റ് രജിസ്ട്രാർമാരുടേയും, യൂണിറ്റ് ഇൻസ്പെക്ടർമാരുടേയും സംഘ തല പരിശോധന വേളകളിലും പെൻഷൻ ബോർഡിൽ തുക അടക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ